(ബി) എച്ച്.എ.എൽ., കേന്ദ്രസർവ്വകലാശാല, ബേക്കൽടൂറിസം തുടങ്ങിയവയുടെ പ്രാധാന്യം കണക്കിലെടുത്ത് ഗസ്റ്റ് ഹൗസിന് അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുവാനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ ; എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസറഗോഡ് ഗസ്റ്റ് ഹൗസിന് ഇപ്പോൾ 11 മുറികളുണ്ട്. വി.ഐ.പി. റൂമുകൾ-മൂന്ന് എണ്ണം, ഓർഡിനറി റൂമുകൾ-എട്ട് എണ്ണം

(ബി) സർക്കാർ പരിശോധിച്ചു വരുന്നു.

വയ്യാങ്കര ടൂറിസം പദ്ധതി

102(310) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ താമരക്കുളം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വയ്യാങ്കര ശുദ്ധജല തടാകത്തിൽ 2002-ൽ നിർദ്ദേശിക്കപ്പെട്ട ടൂറിസം പദ്ധതി നാളിതു വരെ യാഥാർത്ഥ്യമാകാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) വയ്യാങ്കര ടൂറിസം പദ്ധതിക്ക് നാളിതുവരെ എത്ര തുക അനുവദിച്ചു എന്നും അത് ഏത് രീതിയിൽ ചെലവഴിച്ചുയെന്നും വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി നടപ്പാകാതെ പോകുന്നത് തടയുവാനും സമയ ബന്ധിതമായി ഇതിന്റെ പ്രവർത്തനം പൂർത്തീകരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ താമരക്കുളം പഞ്ചായത്തിലെ വയ്യാങ്കര ശുദ്ധജലതടാകത്തിൽ 2002-ൽ ഒരു ടൂറിസം പദ്ധതി ആവിഷ്കരിച്ചിരുന്നു. എന്നാൽ ഈ ശുദ്ധ ജലതടാകത്തിൽ ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് വൻതോതിലുള്ള ഡ്രഡ്ജിങ്ങും മറ്റ് അനുബന്ധ ജോലികളും ആവശ്യമായി വരുമെന്ന് കണ്ടതിനാൽ ഭരണാനുമതി ലഭിച്ച തുകയിൽ പദ്ധതി തീർക്കാൻ കഴിയാത്ത സ്ഥിതി വന്നു. ഈ സാഹചര്യത്തിൽ ആണ് പദ്ധതി യാഥാർത്ഥ്യമാകാതെ പോയത്.

(ബി) ഈ പദ്ധതിക്കായി 9,62,303 (ഒൻപത് ലക്ഷത്തി അറുപത്തി രണ്ടായിരത്തി മുന്നൂറ്റി മൂന്ന്) രൂപ അനുവദിച്ചു. എന്നാൽ തുക ചെലവാക്കിയിട്ടില്ല.

(സി) നിലവിൽ ഈ പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly